Azadi Ka Amrit Mahotsav

കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## മെയ് 2022



## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
**(DEPARTMENT OF ECONOMICS AND STATISTICS)**

**തിരുവനന്തപുരം**

**Website: www.ecostat.kerala.gov.in**

**e-mail: ecostatdir@gmail.com**

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

## ആമുഖം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനും, റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം. വില ശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ്. വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു.

സംസ്ഥാനത്തെ അവശ്യസാധനങ്ങളുടെ വില നിലവാരം നിരീക്ഷിക്കുന്നതിന് സർക്കാരിനെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ 50 ഇനം അവശ്യസാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കറ്റിലെ ഏറ്റവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വില ശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ ഓൺലൈൻ സോഫ്റ്റ് വേറിലൂടെ വകുപ്പ് ആസ്ഥാനത്ത് വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും, വിവിധ സർക്കാർ വകുപ്പുകൾക്കും, റിസർവ് ബാങ്ക്, ഹോർട്ടികോർപ്, ഹോർട്ടികൾച്ചറൽ മിഷൻ ഉൾപ്പെടെയുള്ള വിവിധസർക്കാർ ഏജൻസികൾക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു. ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുക എന്ന ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പ് ഏറ്റെടുത്ത ഒരു ഉദ്യമം കൂടിയാണ് "കേരള പൊതു വിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളറ്റിനിൽ നിന്നും കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയുള്ള ഈ റിപ്പോർട്ട് 2017 നവംബർ മുതൽ വകുപ്പ് പ്രസിദ്ധീകരിച്ചു വരുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും വില ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തിരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണം തയ്യാറാക്കുന്നതിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ലാ വിപണികളിൽ നിന്നും, മൊത്ത, ചില്ലറ, കച്ചവടക്കാരിൽ നിന്നും, വിവിധ കേന്ദ്ര- സംസ്ഥാന സർക്കാർ റിപ്പോർട്ടുകളെയും അന്തരാഷ്ട്ര ഏജൻസികളുടെ റിപ്പോർട്ടുകളെയും, വകുപ്പിൻറെ ഇൻവെസ്റ്റിഗേറ്റർമാർ റിപ്പോർട്ട് ചെയ്ത വിവരങ്ങളെയും ആധാരമാക്കിയാണ് ഈ പ്രസിദ്ധീകരണം തയ്യാറാക്കിയിട്ടുള്ളത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും, ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

**തിരുവനതപുരം** **സജീവ് .പി .പി**

**30-06-2022** **ഡയറക്ടർ**

# അവലോകനം

ധാന്യങ്ങളുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത തുടർന്നു. അരിയുടെ വിലയിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെയും വിലയിൽ വർദ്ധനവുണ്ടായി. ആന്ധ്രാപ്രദേശിൽ നിന്നും വിപണിയിൽ എത്തുന്ന അരിയുടെ വിലകളാണ് പ്രധാനമായും വർദ്ധിച്ചത്. ജയ അരിയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. ഗോതമ്പിന്റെ വിലയിലും വർദ്ധനവ് തുടരുകയാണ്. പയർ വർഗ്ഗങ്ങളുടെ വിലയിൽ എടുത്തുപറയത്തക്ക വില പ്രവണതകൾ പ്രകടമായില്ല. പൊതുവെ നേരിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെട്ടു. ഇറച്ചിക്കോഴിയുടെ വിലയിൽ നേരിയ തോതിലുള്ള വർദ്ധനവ് അവലോകനമാസത്തിലും തുടർന്നു. ശർക്കര, പഞ്ചസാര, കരുപ്പെട്ടി എന്നിവയുടെ വില കാര്യമായ മാറ്റങ്ങളില്ലാതെ തുടർന്നു. ഭക്ഷ്യ എണ്ണകളിൽ വെളിച്ചെണ്ണ ഒഴികെയുള്ള ഇനങ്ങളിൽ നേരിയ വർദ്ധനവ് തുടർന്നു. മല്ലി, വറ്റൽ മുളക് എന്നിവയുടെ വില അവലോകനമാസത്തിലും വർദ്ധിച്ചു. കിഴങ്ങ് വർഗ്ഗങ്ങളിൽ കാരറ്റ് ഒഴികെയുള്ള ഇനങ്ങളിൽ വർദ്ധനവുണ്ടായി. പച്ചക്കറി ഇനങ്ങളിൽ തക്കാളിയുടെ വിലയിൽ വീണ്ടും ഗണ്യമായ തോതിൽ വർദ്ധനവുണ്ടായി. പഴവർഗ്ഗങ്ങളിൽ മാതളത്തിന്റെയും ഓറഞ്ചിന്റെയും വിലയിൽ ഗണ്യമായ തോതിൽ വർദ്ധനവുണ്ടായപ്പോൾ മറ്റിനങ്ങളുടെ വിലയിൽ നേരിയ ഏറ്റക്കുറച്ചിലുകൾ പ്രകടമായി. അവലോകനമാസത്തിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ നേരിയ കുറവ് അനുഭവപ്പെട്ടു.

ദേശീയ ശരാശരി വിലയിൽ അരി, ഗോതമ്പ് എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായി. അരിയുടെ വില ഏപ്രിൽ മാസം 35.92 രൂപ ആയിരുന്നത് മെയ് മാസം 36.03 രൂപയായി വർദ്ധിച്ചു. ഏപ്രിൽ മാസം 28.93 രൂപ ആയിരുന്ന ഗോതമ്പിൻറെ ശരാശരി വില മെയ് മാസം 29.35 രൂപയായി വർദ്ധിച്ചു. പയർ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ മാറ്റങ്ങൾ ഇല്ലാതെ നേരിയ ഏറ്റക്കുറച്ചിലുകളോടെ വിപണനം നടന്നു. ഭക്ഷ്യ എണ്ണകളുടെ വിലയിൽ അവലോകനമാസത്തിലും വർദ്ധനവ് തുടർന്നു. ഏപ്രിൽ മാസം 188.56 രൂപ ആയിരുന്ന കടല എണ്ണയുടെ വില മെയ് മാസം 191.82 രൂപയായും, കടുകെണ്ണയുടെ വില 189.18 രൂപയിൽ നിന്നും 189.41 രൂപയായും, വനസ്പതി വില 157.34 രൂപയിൽ നിന്നും 163.96 രൂപയായും, സോയബീൻ ഓയിൽ വില 165.66 രൂപയിൽ നിന്നും 171.37 രൂപയായും, സൺഫ്ളവർ ഓയിൽ വില 183.38 രൂപയിൽ നിന്നും 189.12 രൂപയായും, പാം ഓയിൽ വില 149.9 രൂപയിൽ നിന്നും 155.37 രൂപയായും വർദ്ധിച്ചു. പച്ചക്കറി ഇനങ്ങളിൽ ഉരുളകിഴങ്ങ്, തക്കാളി എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ സവാളയുടെ വിലയിൽ കുറവുണ്ടായി. ഏപ്രിൽ മാസം 20.88 രൂപ ആയിരുന്ന ഉരുളക്കിഴങ്ങിന്റെ വില 22.73രൂപയായും, തക്കാളിയുടെ വില 26.73 രൂപയിൽ നിന്നും 43.16 രൂപയായും വർധിച്ചപ്പോൾ സവാളയുടെ ശരാശരി വില 25.78 രൂപയിൽ നിന്നും 23.44 രൂപയായി കുറഞ്ഞു. പഞ്ചസാര, ശർക്കര എന്നിവയുടെ വില നേരിയ വർദ്ധനവ് രേഖപ്പെടുത്തി.

ഫുഡ് ആൻറ് അഗ്രികൾച്ചറൽ ഒർഗനൈസേഷന്റെ മെയ് മാസത്തെ ഭക്ഷ്യ വില സൂചിക, ഏപ്രിൽ മാസത്തെ അപേക്ഷിച്ച് 0.9 കുറഞ്ഞു 157.4 പോയിന്റ് രേഖപ്പെടുത്തി. ഗോതമ്പിന്റെ വിലവർദ്ധനവ് കാരണം ധാന്യവില സൂചിക മുൻ മാസത്തെ അപേക്ഷിച്ച് 3.7 പോയിന്റ് വർധിച്ചു. ഭക്ഷ്യ എണ്ണ വില സൂചിക ഏപ്രിൽ മാസത്തെ അപേക്ഷിച്ച് 8.28 പോയിന്റ് കുറഞ്ഞു.

2021-22 സീസണിലെ നെല്ല് സംഭരണം മെച്ചപ്പെട്ട നിലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 03-06-2022 തീയതിയിലെ കണക്കനുസരിച്ച് 551.06 ലക്ഷം മെട്രിക് ടൺ അരി സംഭരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 530.22 ലക്ഷം മെട്രിക് ടൺ അരിയാണ് സംഭരിച്ചത്. അതേസമയം ഗോതമ്പിന്റെ സംഭരണത്തിൽ ഗണ്യമായ തോതിലുള്ള കുറവ് അനുഭവപ്പെട്ടു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 410.67 ലക്ഷം മെട്രിക് ടൺ ഗോതമ്പ് സംഭരിച്ച സ്ഥാനത്ത് 187.20 ലക്ഷം മെട്രിക് ടൺ ഗോതമ്പ് മാത്രമാണ് സംഭരിക്കാൻ സാധിച്ചത്.

ജൂണിൽ ഖാരിഫ് സീസൺ ആരംഭിക്കാനിരിക്കെ 177.97 ലക്ഷം ക്വിന്റൽ വിത്ത് ലഭ്യത ഉണ്ടെന്ന് കാർഷിക മന്ത്രാലയത്തിന്റെ റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഖാരിഫ്-2022 സീസണിൽ രാജ്യത്ത് 160.45 ലക്ഷം ക്വിന്റൽ വിത്ത് ആവശ്യമുള്ളതായി കണക്കാക്കുന്നു.


മാർച്ച് മുതൽ മെയ് അവസാനം വരെയുള്ള പ്രീ മൺസൂൺ കാലയളവിൽ ഇന്ത്യയിൽ സാധാരണ നിലയിലുള്ള മഴ ലഭിച്ചു. അതെ സമയം കേരളത്തിൽ ഈ കാലയളവിൽ സാധാരണയെക്കാളും 85 ശതമാനം അധിക മഴ ലഭിച്ചു.

## I. ധാന്യങ്ങൾ

അവലോകനമാസത്തിൽ ധാന്യങ്ങളുടെ വിലയിൽ പൊതുവെ വർദ്ധനവ് പ്രകടമായി .ജയ അരിയുടെ വിലയിൽ ഗണ്യമായ വർദ്ധനവിനുള്ള പ്രവണത നിലനിൽക്കുന്നു.ഏപ്രിൽ മാസത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മട്ട (1.15%), ചമ്പ(0.79%), റോസ്(0.58%), ആന്ധ്ര വെള്ള(1.50%), ജയ(3.95%), ഗോതമ്പ്(1.75%) വർദ്ധനവ് രേഖപ്പെടുത്തി. ഗോതമ്പിന്റെ വിലയിൽ വർദ്ധനവ് തുടരുകയാണ്.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മട്ട (14.26%), റോസ് (9.94%), ആന്ധ്ര വെള്ള (7.29%), ജയ (10.75%), ഗോതമ്പ് (8.59%) വർദ്ധനവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി (ചുവപ്പ്)മട്ട | കിലോഗ്രാം | 36.82 | 41.59 | 42.07 | 1.15 | 14.26 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 38.20 | 38.50 | 0.79 | -3.75 |
| 3 | റോസ് | കിലോഗ്രാം | 39.14 | 42.78 | 43.03 | 0.58 | 9.94 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.92 | 37.97 | 38.54 | 1.50 | 7.29 |
| 5 | ജയ | കിലോഗ്രാം | 37.50 | 39.95 | 41.53 | 3.95 | 10.75 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.40 | 37.78 | 38.44 | 1.75 | 8.59 |




## II. പയർ വർഗ്ഗങ്ങൾ

അവലോകനമാസത്തിൽ പയർ വർഗ്ഗങ്ങളുടെ വിലയിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകൾ പ്രകടമായില്ല.നേരിയ ഏറ്റക്കുറച്ചിലുകളോടെ വിപണനം നടന്നു.

ഏപ്രിൽ മാസത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉഴുന്നുപരിപ്പ്(0.34%) ഉഴുന്നു(തോടില്ലാതെ)(0.14%), തുവരപ്പരിപ്പ്(0.17%), കടല(വലുത് )(0.01%), കടല(ചെറുത് ) (0.16%) വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ചെറുപയർ(0.68%), ചെറുപയർപരിപ്പ്(0.49%), വൻപയർ(1.95%), പീസ് പരിപ്പ് (1.71%), മസൂർപരിപ്പ് (0.53%) കുറവ് രേഖപ്പെടുത്തി

മുൻവർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വൻപയർ (9.83%), കടല(വലുത് ) (3.74%), കടല(ചെറുത് ) (6.78%), മസൂർപരിപ്പ് (21.76%) വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ചെറുപയർ(7.88%), ചെറുപയർപരിപ്പ്(4.51%), ഉഴുന്നുപരിപ്പ്(3.41%), ഉഴുന്നു(തോടില്ലാതെ)(4.51%), തുവരപ്പരിപ്പ് (1.75%), വടപരിപ്പ് (0.93%) കുറവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **പയർ വർഗ്ഗങ്ങൾ** | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 116.29 | 107.86 | 107.13 | -0.68 | -7.88 |
| 2 | ചെറുപയർപരിപ്പ് | കിലോഗ്രാം | 122.04 | 117.11 | 116.54 | -0.49 | -4.51 |
| 3 | ഉഴുന്നുപരിപ്പ് | കിലോഗ്രാം | 123.70 | 119.08 | 119.48 | 0.34 | -3.41 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 122.21 | 116.54 | 116.70 | 0.14 | -4.51 |
| 5 | വൻപയർ | കിലോഗ്രാം | 81.86 | 91.70 | 89.91 | -1.95 | 9.83 |
| 6 | തുവരപ്പരിപ്പ് | കിലോഗ്രാം | 114.64 | 112.44 | 112.63 | 0.17 | -1.75 |
| 7 | കടല(വലുത് ) | കിലോഗ്രാം | 82.00 | 85.06 | 85.07 | 0.01 | 3.74 |
| 8 | കടല(ചെറുത് ) | കിലോഗ്രാം | 70.78 | 75.46 | 75.58 | 0.16 | 6.78 |
| 9 | വടപരിപ്പ് | കിലോഗ്രാം | 83.57 | 84.23 | 82.79 | -1.71 | -0.93 |
| 10 | മസൂർപരിപ്പ് | കിലോഗ്രാം | 88.53 | 108.36 | 107.79 | -0.53 | 21.76 |




## III . മറ്റ് ഭക്ഷ്യവസ്തുക്കൾ

ഇറച്ചിക്കോഴിയുടെ വിലയിൽ അവലോകനമാസത്തിലും വർദ്ധനവ് തുടർന്നു പഞ്ചസാര(1.06%), കോഴിമുട്ട(1.03%), ഇറച്ചിക്കോഴി(4.03%), തേയില(0.18%), കാപ്പിപ്പൊടി(2.73%) വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ കരുപ്പെട്ടി (0.37%), ശർക്കര(0.46%) എന്നിവയുടെ വിലയിൽ നേരിയ കുറവ് രേഖപ്പെടുത്തി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇറച്ചിക്കോഴിയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് പ്രകടമായിരുന്നു(48.93%). പഞ്ചസാര(5.21%), ആട്ടിറച്ചി(4.28%) കാപ്പിപ്പൊടി (1.21% എന്നിവയുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ കരുപ്പെട്ടി(2.82%), ശർക്കര(3.13%), കോഴിമുട്ട(4.75%) , തേയില (0.29%) എന്നിവയുടെ വിലയിൽ കുറവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മറ്റ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.21 | 39.78 | 40.20 | 1.06 | 5.21 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 173.55 | 169.28 | 168.65 | -0.37 | -2.82 |
| 3 | ശർക്കര | കിലോഗ്രാം | 56.21 | 54.70 | 54.45 | -0.46 | -3.13 |
| 4 | കോഴിമുട്ട(വൈറ്റ് ലഗോൺ) | ഡസൺ | 60.47 | 57.01 | 57.60 | 1.03 | -4.75 |
| 5 | ആട്ടിറച്ചി (എല്ലോടുകൂടിയത്) | കിലോഗ്രാം | 662.05 | 690.36 | 690.36 | 0.00 | 4.28 |
| 6 | ഇറച്ചിക്കോഴി (ബ്രോയ്‌ലർ – ജീവനുള്ളത്) | കിലോഗ്രാം | 99.85 | 142.95 | 148.71 | 4.03 | 48.93 |
| 7 | തേയില (കണ്ണൻദേവൻ)) | 500 ഗ്രാം | 155.93 | 155.20 | 155.48 | 0.18 | -0.29 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട് ) | 500 ഗ്രാം | 163.50 | 161.09 | 165.48 | 2.73 | 1.21 |




## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസത്തിൽ വെളിച്ചെണ്ണ, തേങ്ങ എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ വർദ്ധനവ് തുടർന്നു. കടല എണ്ണ, റിഫൈൻഡ് ഓയിൽ, നല്ലെണ്ണ, കടുകെണ്ണ, വനസ്പതി, സൺഫ്ളവർ ഓയിൽ, പാം ഓയിൽ എന്നിവയുടെ വിലയിൽ യഥാക്രമം 2.08%, 3.24%, 0.41%, 3.40%, 5.52%, 3.38%, 3.26% വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ വെളിച്ചെണ്ണ(1.07%), തേങ്ങ(4.56%) വിലക്കുറവ് രേഖപ്പെടുത്തി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വെളിച്ചെണ്ണ, തേങ്ങ എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ വർദ്ധനവ് രേഖപ്പെടുത്തി. കടല എണ്ണ, റിഫൈൻഡ് ഓയിൽ, നല്ലെണ്ണ, കടുകെണ്ണ, വനസ്പതി, സൺഫ്ളവർ ഓയിൽ, പാം ഓയിൽ എന്നിവയുടെ വിലയിൽ യഥാക്രമം 8.71%, 11.71%, 10.02%, 19.71%, 31.47%, 14.31%, 16.49% വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ വെളിച്ചെണ്ണ (20.33%), തേങ്ങ (14.03%) വിലക്കുറവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ (ലൂസ്) | കിലോഗ്രാം | 219.83 | 177.03 | 175.14 | -1.07 | -20.33 |
| 2 | കടല എണ്ണ (ലൂസ്) | ലിറ്റർ | 180.30 | 192.00 | 196.00 | 2.08 | 8.71 |
| 3 | റിഫൈൻഡ് ഓയിൽ | ലിറ്റർ | 170.08 | 184.03 | 190.00 | 3.24 | 11.71 |
| 4 | നല്ലെണ്ണ | ലിറ്റർ | 199.75 | 218.87 | 219.77 | 0.41 | 10.02 |
| 5 | കടുകെണ്ണ | ലിറ്റർ | 171.25 | 198.25 | 205.00 | 3.40 | 19.71 |
| 6 | വനസ്പതി (ഡാൽഡ) | ലിറ്റർ | 142.46 | 177.50 | 187.29 | 5.52 | 31.47 |
| 7 | സൂര്യകാന്തി ഓയിൽ | ലിറ്റർ | 171.48 | 189.61 | 196.02 | 3.38 | 14.31 |
| 8 | പാം ഓയിൽ | ലിറ്റർ | 141.14 | 159.21 | 164.41 | 3.26 | 16.49 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 202.61 | 182.51 | 174.18 | -4.56 | -14.03 |




## V. സുഗന്ധവ്യഞ്ജനങ്ങൾ

മല്ലി, വറ്റൽ മുളക് എന്നിവയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ വർദ്ധനവ് അവലോകന മാസത്തിലും തുടർന്നു. മഞ്ഞൾ, ചെറിയ ഉള്ളി, ജീരകം, കുരുമുളക് എന്നിവയുടെ വിലയിലും നേരിയ വർദ്ധനവുണ്ടായി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മല്ലി (60.66%), വറ്റൽ മുളക്(28.87%), ജീരകം(7.81%), കടുക്(24.52%), ഉലുവ(21.58%), മഞ്ഞൾപൊടി(7.94%), കുരുമുളക് (33.37%) എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ ചെറിയ ഉള്ളി(35.01%), പുളി(7.24%), വെളുത്തുള്ളി (30.35%) എന്നിവയുടെ വിലയിൽ കുറവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 101.43 | 149.73 | 162.96 | 8.84 | 60.66 |
| 2 | വറ്റൽ മുളക് | കിലോഗ്രാം | 181.30 | 227.06 | 233.64 | 2.90 | 28.87 |
| 3 | ചെറിയ ഉള്ളി | കിലോഗ്രാം | 59.73 | 37.44 | 38.82 | 3.69 | -35.01 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 157.18 | 146.07 | 145.80 | -0.18 | -7.24 |
| 5 | ജീരകം | 100 ഗ്രാം | 29.32 | 30.81 | 31.61 | 2.60 | 7.81 |
| 6 | കടുക് | 100 ഗ്രാം | 10.48 | 13.07 | 13.05 | -0.15 | 24.52 |
| 7 | ഉലുവ | 100 ഗ്രാം | 10.66 | 13.00 | 12.96 | -0.31 | 21.58 |
| 8 | മഞ്ഞൾപൊടി | 100 ഗ്രാം | 18.63 | 19.36 | 20.11 | 3.87 | 7.94 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 13.54 | 9.44 | 9.43 | -0.11 | -30.35 |
| 10 | കുരുമുളക് (നാടൻ) | കിലോഗ്രാം | 422.18 | 553.00 | 563.06 | 1.82 | 33.37 |




## VI. കിഴങ്ങ് വർഗ്ഗങ്ങൾ

അവലോകനമാസത്തിൽ കാരറ്റ് ഒഴികെയുള്ള ഇനങ്ങളിൽ വർദ്ധനവ് പ്രകടമായിരുന്നു. മരച്ചീനിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ വർദ്ധനവ് അവലോകന മാസത്തിലും തുടർന്നു. ചേന(3.18%), മരച്ചീനി(5.84%), ഉരുളകിഴങ്ങ്(7.90%), ചേമ്പ്(8.17%), ബീറ്റ്റൂട്ട് (23.36%) എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ കാരറ്റിന്റെ വിലയിൽ (6.69%) കുറവുണ്ടായി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ഇനങ്ങളുടെയും വിലയിൽ വർദ്ധനവ് പ്രകടമായിരുന്നു. ചേന(18.23%), മരച്ചീനി(50.24%), ഉരുളകിഴങ്ങ്(18.75%), ചേമ്പ്(73.23%), ബീറ്റ്റൂട്ട് (21.18%), കാരറ്റ് (22.76%) വർദ്ധനവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **കിഴങ്ങ് വർഗ്ഗങ്ങൾ** | | | | | | |
| 1 | ചേന | കിലോഗ്രാം | 29.62 | 33.94 | 35.02 | 3.18 | 18.23 |
| 2 | മരച്ചീനി (പച്ച) | കിലോഗ്രാം | 20.86 | 29.61 | 31.34 | 5.84 | 50.24 |
| 3 | ഉരുളകിഴങ്ങ് | കിലോഗ്രാം | 30.35 | 33.40 | 36.04 | 7.90 | 18.75 |
| 4 | ചേമ്പ് | കിലോഗ്രാം | 39.82 | 63.77 | 68.98 | 8.17 | 73.23 |
| 5 | ബീറ്റ്റൂട്ട് | കിലോഗ്രാം | 35.60 | 34.97 | 43.14 | 23.36 | 21.18 |
| 6 | കാരറ്റ് | കിലോഗ്രാം | 42.97 | 56.53 | 52.75 | -6.69 | 22.76 |




## VII പച്ചക്കറി ഇനങ്ങൾ

അവലോകനമാസത്തിൽ തക്കാളിയുടെ വിലയിൽ ഗണ്യമായ തോതിൽ വർദ്ധനവ് പ്രകടമായിരുന്നു. ഏപ്രിൽ മാസത്തെ അപേക്ഷിച്ച് 118.80% വർദ്ധനവ് ദൃശ്യമായി. വഴുതനങ്ങ, ബീൻസ്, വള്ളിപ്പയർ, കാബേജ്, പാവയ്ക്ക എന്നിവയുടെ വിലയിലും ഗണ്യമായ തോതിൽ വർദ്ധനവ് ദൃശ്യമായി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ സവാള, വെള്ളരിക്ക എന്നിവ ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വിലയിൽ വർദ്ധനവ് പ്രകടമായിരുന്നു. വഴുതനങ്ങ(18.12%), മത്തങ്ങ(6.76%), വെണ്ടയ്ക്ക(17.47%), ബീൻസ്(32.37%), വള്ളിപ്പയർ(18.09%), കാബേജ്(24.77%), പാവയ്ക്ക(15.23%), കുമ്പളങ്ങ(3.97%), പടവലങ്ങ(19.04%), തക്കാളി(225.44%), പച്ചമുളക്(5.20%), ഏത്തയ്ക്ക(23.75%), വാഴയ്ക്ക (19.55%) എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ സവാള(12.80%), വെള്ളരിക്ക (4.66%) എന്നിവയുടെ വിലയിൽ കുറവുണ്ടായി

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **പച്ചക്കറി ഇനങ്ങൾ** | | | | | | |
| 1 | സവാള | കിലോഗ്രാം | 26.17 | 23.97 | 22.82 | -4.80 | -12.80 |
| 2 | വഴുതനങ്ങ | കിലോഗ്രാം | 34.33 | 32.23 | 40.55 | 25.81 | 18.12 |
| 3 | മത്തങ്ങ | കിലോഗ്രാം | 21.46 | 24.69 | 22.91 | -7.21 | 6.76 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 25.31 | 25.17 | 24.13 | -4.13 | -4.66 |
| 5 | വെണ്ടയ്ക്ക | കിലോഗ്രാം | 40.13 | 47.11 | 47.14 | 0.06 | 17.47 |
| 6 | ബീൻസ്()ഇംഗ്ലീഷ് ) | കിലോഗ്രാം | 65.40 | 65.97 | 86.57 | 31.23 | 32.37 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.24 | 53.84 | 61.69 | 14.58 | 18.09 |
| 8 | കാബേജ് | കിലോഗ്രാം | 26.28 | 29.29 | 32.79 | 11.95 | 24.77 |
| 9 | പാവയ്ക്ക | കിലോഗ്രാം | 50.49 | 49.60 | 58.18 | 17.30 | 15.23 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.92 | 22.91 | 22.79 | -0.52 | 3.97 |
| 11 | പടവലങ്ങ | കിലോഗ്രാം | 33.62 | 40.09 | 40.02 | -0.17 | 19.04 |
| 12 | തക്കാളി | കിലോഗ്രാം | 23.78 | 35.37 | 77.39 | 118.80 | 225.44 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.58 | 7.05 | 5.87 | -16.74 | 5.20 |
| 14 | ഏത്തയ്ക്ക (പച്ച) | കിലോഗ്രാം | 46.87 | 59.19 | 58.00 | -2.01 | 23.75 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 31.41 | 36.90 | 37.55 | 1.76 | 19.55 |




## VIIIപഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ അവലോകനമാസത്തിൽ ഓറഞ്ച്, മാതളം എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ വിലക്കുറവ് പ്രകടമായിരുന്നു. ഓറഞ്ചിന്റെ വിലയിൽ 14.20 ശതമാനവും, മാതളത്തിന്റെ വിലയിൽ 19.94 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. മുന്തിരി പച്ച (കുരുവുള്ളത് ) (16.20%), മുന്തിരി കറുപ്പ് (കുരുവുള്ളത് ) (14.86%) എന്നിവയാണ് പ്രധാനമായും വിലക്കുറവുണ്ടായ ഇനങ്ങൾ.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മാതളം(24.52%), ആപ്പിൾ(14.06%), ഏത്തപ്പഴം(20.16%), വാഴപ്പഴം പാളയംകോടൻ(7.49%), രസകദളി(38.76%), പൂവൻ(10.37%), റോബസ്റ്റ (11.43%), മാങ്ങ (4.86%), തണ്ണിമത്തൻ(19.63%) എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ ഓറഞ്ച്(23%), മുസമ്പി(11.68%), മുന്തിരി പച്ച (കുരുവുള്ളത് )(11.03%), മുന്തിരി കറുപ്പ് (കുരുവുള്ളത് )(11.13%) എന്നിവയുടെ വിലയിൽ കുറവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **പഴവർഗ്ഗങ്ങൾ** | | | | | | |
| 1 | ഓറഞ്ച് (നാഗ്പൂർ ) | കിലോഗ്രാം | 143.33 | 96.65 | 110.37 | 14.20 | -23.00 |
| 2 | മുസമ്പി | കിലോഗ്രാം | 85.08 | 75.96 | 75.14 | -1.08 | -11.68 |
| 3 | മാതളം | കിലോഗ്രാം | 153.98 | 159.86 | 191.74 | 19.94 | 24.52 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 160.00 | 186.00 | 182.50 | -1.88 | 14.06 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 54.61 | 68.86 | 65.62 | -4.71 | 20.16 |
| 6 | വാഴപ്പഴം പാളയംകോടൻ | കിലോഗ്രാം | 28.72 | 32.91 | 30.87 | -6.20 | 7.49 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 41.69 | 59.36 | 57.85 | -2.54 | 38.76 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 44.17 | 49.15 | 48.75 | -0.81 | 10.37 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.56 | 32.25 | 30.71 | -4.78 | 11.43 |
| 10 | മാങ്ങ (നീലം) | കിലോഗ്രാം | 81.42 | 94.64 | 85.38 | -9.78 | 4.86 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 19.77 | 25.06 | 23.65 | -5.63 | 19.63 |
| 12 | മുന്തിരി പച്ച (കുരുവുള്ളത് ) | കിലോഗ്രാം | 82.17 | 87.24 | 73.11 | -16.20 | -11.03 |
| 13 | മുന്തിരി കറുപ്പ് (കുരുവുള്ളത് ) | കിലോഗ്രാം | 82.14 | 85.74 | 73.00 | -14.86 | -11.13 |




## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകന മാസത്തിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ നേരിയ വിലക്കുറവുണ്ടായി. സിമന്റ് പേപ്പർ ബാഗ് (ശങ്കർ), സിമന്റ് പോളിബാഗ് (ശങ്കർ), സ്റ്റീൽ എന്നിവയുടെ വിലയിൽ യഥാക്രമം 3.04%, 2.78%, 1.17% കുറവുണ്ടായി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വാഷിംഗ് സോപ്പ്, ടോയ്‌ലറ്റ് സോപ്പ്, സ്റ്റീൽ എന്നിവയുടെ വിലയിൽ യഥാക്രമം 25.32%, 19.40%, 23.07% വർദ്ധനവുണ്ടായപ്പോൾ സിമന്റ് പേപ്പർ ബാഗ് ശങ്കർ, സിമന്റ് പോളിബാഗ് ശങ്കർ എന്നിവയുടെ വിലയിൽ യഥാക്രമം 10.63%, 10.84% കുറവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **ഭക്ഷ്യേതര വസ്തുക്കൾ** | | | | | | |
| 1 | വാഷിംഗ്സോപ്പ്(സൺലൈറ്റ്) | 1/ 2 ബാർ | 21.29 | 25.34 | 26.68 | 5.29 | 25.32 |
| 2 | ടോയ്‌ലറ്റ് സോപ്പ്(ലക്സ്) | 100 ഗ്രാം | 26.29 | 30.51 | 31.39 | 2.88 | 19.40 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 506.00 | 502.80 | 510.00 | 1.43 | 0.79 |
| 4 | സിമൻറ് പേപ്പർ ബാഗ് (ശങ്കർ) | 1 പാക്കറ്റ് | 467.35 | 430.75 | 417.66 | -3.04 | -10.63 |
| 5 | സിമൻറ് പോളി ബാഗ് (ശങ്കർ) | 1 പാക്കറ്റ് | 464.83 | 426.29 | 414.46 | -2.78 | -10.84 |
| 6 | സ്റ്റീൽ (8 എം.എം ) | കിലോഗ്രാം | 68.83 | 85.71 | 84.71 | -1.17 | 23.07 |



## അനുബന്ധം

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **ധാന്യങ്ങൾ** | | | | | | |
| 1 | അരി (ചുവപ്പ്)മട്ട | കിലോഗ്രാം | 36.82 | 41.59 | 42.07 | 1.15 | 14.26 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 38.20 | 38.50 | 0.79 | -3.75 |
| 3 | റോസ് | കിലോഗ്രാം | 39.14 | 42.78 | 43.03 | 0.58 | 9.94 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.92 | 37.97 | 38.54 | 1.50 | 7.29 |
| 5 | ജയ | കിലോഗ്രാം | 37.50 | 39.95 | 41.53 | 3.95 | 10.75 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.40 | 37.78 | 38.44 | 1.75 | 8.59 |
| | **പയർ വർഗ്ഗങ്ങൾ** | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 116.29 | 107.86 | 107.13 | -0.68 | -7.88 |
| 2 | ചെറുപയർപരിപ്പ് | കിലോഗ്രാം | 122.04 | 117.11 | 116.54 | -0.49 | -4.51 |
| 3 | ഉഴുന്നുപരിപ്പ് | കിലോഗ്രാം | 123.70 | 119.08 | 119.48 | 0.34 | -3.41 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 122.21 | 116.54 | 116.70 | 0.14 | -4.51 |
| 5 | വൻപയർ | കിലോഗ്രാം | 81.86 | 91.70 | 89.91 | -1.95 | 9.83 |
| 6 | തുവരപ്പരിപ്പ് | കിലോഗ്രാം | 114.64 | 112.44 | 112.63 | 0.17 | -1.75 |
| 7 | കടല(വലുത്) | കിലോഗ്രാം | 82.00 | 85.06 | 85.07 | 0.01 | 3.74 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 70.78 | 75.46 | 75.58 | 0.16 | 6.78 |
| 9 | വടപരിപ്പ് | കിലോഗ്രാം | 83.57 | 84.23 | 82.79 | -1.71 | -0.93 |
| 10 | മസൂർപരിപ്പ് | കിലോഗ്രാം | 88.53 | 108.36 | 107.79 | -0.53 | 21.76 |
| | **മറ്റ് ഭക്ഷ്യവസ്തുക്കൾ** | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.21 | 39.78 | 40.20 | 1.06 | 5.21 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 173.55 | 169.28 | 168.65 | -0.37 | -2.82 |
| 3 | ശർക്കര | കിലോഗ്രാം | 56.21 | 54.70 | 54.45 | -0.46 | -3.13 |
| 4 | കോഴിമുട്ട (വൈറ്റ് ലഗോൺ) | ഡസൺ | 60.47 | 57.01 | 57.60 | 1.03 | -4.75 |
| 5 | ആട്ടിറച്ചി (എല്ലോടുകൂടിയത്) | കിലോഗ്രാം | 662.05 | 690.36 | 690.36 | 0.00 | 4.28 |
| 6 | ഇറച്ചിക്കോഴി (ബ്രോയ്ലർ – ജീവനുള്ളത്) | കിലോഗ്രാം | 99.85 | 142.95 | 148.71 | 4.03 | 48.93 |
| 7 | തേയില (കണ്ണൻദേവൻ)) | 500 ഗ്രാം | 155.93 | 155.20 | 155.48 | 0.18 | -0.29 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 163.50 | 161.09 | 165.48 | 2.73 | 1.21 |
| | **എണ്ണയും എണ്ണക്കുരുക്കളും** | | | | | | |
| 1 | വെളിച്ചെണ്ണ (ലൂസ്) | കിലോഗ്രാം | 219.83 | 177.03 | 175.14 | -1.07 | -20.33 |
| 2 | കടല എണ്ണ (ലൂസ്) | ലിറ്റർ | 180.30 | 192.00 | 196.00 | 2.08 | 8.71 |
| 3 | റിഫൈൻഡ് ഓയിൽ | ലിറ്റർ | 170.08 | 184.03 | 190.00 | 3.24 | 11.71 |
| 4 | നല്ലെണ്ണ | ലിറ്റർ | 199.75 | 218.87 | 219.77 | 0.41 | 10.02 |
| 5 | കടുകെണ്ണ | ലിറ്റർ | 171.25 | 198.25 | 205.00 | 3.40 | 19.71 |
| 6 | വനസ്പതി (ഡാൽഡ) | ലിറ്റർ | 142.46 | 177.50 | 187.29 | 5.52 | 31.47 |
| 7 | സൂര്യകാന്തി ഓയിൽ | ലിറ്റർ | 171.48 | 189.61 | 196.02 | 3.38 | 14.31 |
| 8 | പാം ഓയിൽ | ലിറ്റർ | 141.14 | 159.21 | 164.41 | 3.26 | 16.49 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 202.61 | 182.51 | 174.18 | -4.56 | -14.03 |

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **സുഗന്ധവ്യഞ്ജനങ്ങൾ** | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 101.43 | 149.73 | 162.96 | 8.84 | 60.66 |
| 2 | വറ്റൽ മുളക് | കിലോഗ്രാം | 181.30 | 227.06 | 233.64 | 2.90 | 28.87 |
| 3 | ചെറിയ ഉള്ളി | കിലോഗ്രാം | 59.73 | 37.44 | 38.82 | 3.69 | -35.01 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 157.18 | 146.07 | 145.80 | -0.18 | -7.24 |
| 5 | ജീരകം | 100 ഗ്രാം | 29.32 | 30.81 | 31.61 | 2.60 | 7.81 |
| 6 | കടുക് | 100 ഗ്രാം | 10.48 | 13.07 | 13.05 | -0.15 | 24.52 |
| 7 | ഉലുവ | 100 ഗ്രാം | 10.66 | 13.00 | 12.96 | -0.31 | 21.58 |
| 8 | മഞ്ഞൾപൊടി | 100 ഗ്രാം | 18.63 | 19.36 | 20.11 | 3.87 | 7.94 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 13.54 | 9.44 | 9.43 | -0.11 | -30.35 |
| 10 | കുരുമുളക് (നാടൻ) | കിലോഗ്രാം | 422.18 | 553.00 | 563.06 | 1.82 | 33.37 |
| | **കിഴങ്ങ് വർഗ്ഗങ്ങൾ** | | | | | | |
| 1 | ചേന | കിലോഗ്രാം | 29.62 | 33.94 | 35.02 | 3.18 | 18.23 |
| 2 | മരച്ചീനി (പച്ച) | കിലോഗ്രാം | 20.86 | 29.61 | 31.34 | 5.84 | 50.24 |
| 3 | ഉരുളകിഴങ്ങ് | കിലോഗ്രാം | 30.35 | 33.40 | 36.04 | 7.90 | 18.75 |
| 4 | ചേമ്പ് | കിലോഗ്രാം | 39.82 | 63.77 | 68.98 | 8.17 | 73.23 |
| 5 | ബീറ്റ്റൂട്ട് | കിലോഗ്രാം | 35.60 | 34.97 | 43.14 | 23.36 | 21.18 |
| 6 | കാരറ്റ് | കിലോഗ്രാം | 42.97 | 56.53 | 52.75 | -6.69 | 22.76 |
| | | | | | | | |
| | **പച്ചക്കറി ഇനങ്ങൾ** | | | | | | |
| 1 | സവാള | കിലോഗ്രാം | 26.17 | 23.97 | 22.82 | -4.80 | -12.80 |
| 2 | വഴുതനങ്ങ | കിലോഗ്രാം | 34.33 | 32.23 | 40.55 | 25.81 | 18.12 |
| 3 | മത്തങ്ങ | കിലോഗ്രാം | 21.46 | 24.69 | 22.91 | -7.21 | 6.76 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 25.31 | 25.17 | 24.13 | -4.13 | -4.66 |
| 5 | വെണ്ടയ്ക്ക | കിലോഗ്രാം | 40.13 | 47.11 | 47.14 | 0.06 | 17.47 |
| 6 | ബീൻസ്()ഇംഗ്ലീഷ് ) | കിലോഗ്രാം | 65.40 | 65.97 | 86.57 | 31.23 | 32.37 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.24 | 53.84 | 61.69 | 14.58 | 18.09 |
| 8 | കാബേജ് | കിലോഗ്രാം | 26.28 | 29.29 | 32.79 | 11.95 | 24.77 |
| 9 | പാവയ്ക്ക | കിലോഗ്രാം | 50.49 | 49.60 | 58.18 | 17.30 | 15.23 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.92 | 22.91 | 22.79 | -0.52 | 3.97 |
| 11 | പടവലങ്ങ | കിലോഗ്രാം | 33.62 | 40.09 | 40.02 | -0.17 | 19.04 |
| 12 | തക്കാളി | കിലോഗ്രാം | 23.78 | 35.37 | 77.39 | 118.80 | 225.44 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.58 | 7.05 | 5.87 | -16.74 | 5.20 |
| 14 | ഏത്തയ്ക്ക (പച്ച) | കിലോഗ്രാം | 46.87 | 59.19 | 58.00 | -2.01 | 23.75 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 31.41 | 36.90 | 37.55 | 1.76 | 19.55 |

| നം | ഇനങ്ങൾ | അളവ് | മെയ് 2021 | ഏപ്രിൽ 2022 | മെയ് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **പഴവർഗ്ഗങ്ങൾ** | | | | | | |
| 1 | ഓറഞ്ച് (നാഗ്പൂർ ) | കിലോഗ്രാം | 143.33 | 96.65 | 110.37 | 14.20 | -23.00 |
| 2 | മുസമ്പി | കിലോഗ്രാം | 85.08 | 75.96 | 75.14 | -1.08 | -11.68 |
| 3 | മാതളം | കിലോഗ്രാം | 153.98 | 159.86 | 191.74 | 19.94 | 24.52 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 160.00 | 186.00 | 182.50 | -1.88 | 14.06 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 54.61 | 68.86 | 65.62 | -4.71 | 20.16 |
| 6 | വാഴപ്പഴം പാളയംകോടൻ | കിലോഗ്രാം | 28.72 | 32.91 | 30.87 | -6.20 | 7.49 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 41.69 | 59.36 | 57.85 | -2.54 | 38.76 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 44.17 | 49.15 | 48.75 | -0.81 | 10.37 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.56 | 32.25 | 30.71 | -4.78 | 11.43 |
| 10 | മാങ്ങ (നീലം) | കിലോഗ്രാം | 81.42 | 94.64 | 85.38 | -9.78 | 4.86 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 19.77 | 25.06 | 23.65 | -5.63 | 19.63 |
| 12 | മുന്തിരി പച്ച (കുരുവുള്ളത്) | കിലോഗ്രാം | 82.17 | 87.24 | 73.11 | -16.20 | -11.03 |
| 13 | മുന്തിരി കറുപ്പ് (കുരുവുള്ളത്) | കിലോഗ്രാം | 82.14 | 85.74 | 73.00 | -14.86 | -11.13 |
| | **ഭക്ഷ്യേതര വസ്തുക്കൾ** | | | | | | |
| 1 | വാഷിംഗ്സോപ്പ് (സൺലൈറ്റ്) | 1/ 2 ബാർ | 21.29 | 25.34 | 26.68 | 5.29 | 25.32 |
| 2 | ടോയ്‌ലറ്റ് സോപ്പ് (ലക്സ്) | 100 ഗ്രാം | 26.29 | 30.51 | 31.39 | 2.88 | 19.40 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 506.00 | 502.80 | 510.00 | 1.43 | 0.79 |
| 4 | സിമൻറ് പേപ്പർ ബാഗ് (ശങ്കർ) | 1 പാക്കറ്റ് | 467.35 | 430.75 | 417.66 | -3.04 | -10.63 |
| 5 | സിമൻറ് പോളി ബാഗ് (ശങ്കർ) | 1 പാക്കറ്റ് | 464.83 | 426.29 | 414.46 | -2.78 | -10.84 |
| 6 | സ്റ്റീൽ (8 എം.എം ) | കിലോഗ്രാം | 68.83 | 85.71 | 84.71 | -1.17 | 23.07 |